കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 9 | ലക്കം 14 | ഒക്ടോബർ 31, 2021

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 പൊക്കാളിക്കൃഷിക്ക് ആവേശമായി മത്സരക്കൊയ്ത്ത്

3 വടക്കേക്കരയിൽ കരനെൽ കൃഷി കൊയ്ത്തുത്സവം

7 ഗോസമൃദ്ധി കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

## കൃഷിനാശം മന്ത്രി ശ്രീ. പി. പ്രസാദ് നേരിട്ട് വിലയിരുത്തി



കനത്തമഴയിലും മണ്ണിടിച്ചിലിലും കൃഷിനാശമുണ്ടായ ഇടുക്കി ജില്ലയിലേയും കോട്ടയം ജില്ലയിലേയും വിവിധ പ്രദേശങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി ശ്രീ പി പ്രസാദ് സന്ദർശിച്ചു. ഛിന്നഭിന്നമായ കൃഷിഭൂമി പൂർവ്വസ്ഥിതിയിലാക്കാനുള്ള പരിശ്രമങ്ങൾ സർക്കാർ ആരംഭിച്ചതായി മന്ത്രി അറിയിച്ചു. പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. കർഷകർക്കുണ്ടായ നാശനഷ്ടം എത്രയും പെട്ടെന്ന് പരിഹരിയ്ക്കുന്നതിനും കൃഷിഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച മന്ത്രി അഭിപ്രായപ്പെട്ടു. എം.എൽ.എ മാരായ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശ്രീ. വാഴൂർ സോമൻ എന്നിവരും ഉദ്യോഗസ്ഥ സംഘവും മന്ത്രിയെ അനുഗമിച്ചു.

ചീഫ് എഡിറ്റർ - ജോർജ് സെബാസ്റ്റ്യൻ
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എം.എസ്. പ്രമോദ് കുമാർ
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

# പൊക്കാളിക്കൃഷിക്ക് ആവേശമായി മത്സരക്കൊയ്ത്ത്



ആലപ്പുഴ ജില്ലയുടെ തനത് നെൽക്കൃഷിയായ പൊക്കാളിയുടെ പാടങ്ങളിൽ ആവേശത്തിരയേറ്റി മത്സരക്കൊയ്ത്ത്. കോട്ടുവള്ളി പഞ്ചായത്തിൽ കൈതാരത്ത് നടന്ന പൊക്കാളി കൊയ്ത്ത് മത്സരം വ്യവസായ വകുപ്പ് മന്ത്രി ശ്രീ പി. രാജീവ് ഉദ്ഘാടനം ചെയ്തു. അന്യംനിന്നുപോകുന്ന പൊക്കാളി നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന മത്സരത്തെ അഭിനന്ദിക്കുന്നതായി അദ്ദേഹം പറഞ്ഞു.

പറവൂർ ബ്ലോക്ക് പഞ്ചായത്ത്, കൈതാരം പൊക്കാളി പാടശേഖര സമിതി എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് മത്സരം സംഘടിപ്പിച്ചത്. കർഷക തൊഴിലാളികൾ, യുവാക്കൾ എന്നീ വിഭാഗങ്ങളിലായി മത്സരം നടന്നു. പൊക്കാളി പാടത്ത് കൃത്യമായി അളന്നു തിട്ടപ്പെടുത്തിയ ട്രാക്കുകളിൽ പത്ത് മിനിറ്റ് സമയത്തിൽ ആദ്യം കൊയ്ത്ത് തീർത്ത മത്സരാർത്ഥിയാണ് വിജയിച്ചത്.

മന്ത്രി ശ്രീ. പി. രാജീവ്, പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി സതീശൻ എന്നിവർ ചേർന്ന് സമ്മാനദാനം നിർവഹിച്ചു.

പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിംന സന്തോഷ്, വൈസ് പ്രസിഡന്റ് ശ്രീ. കെ.എസ് സനീഷ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീ. കെ.എസ് ഷാജി, ശ്രീമതി. രശ്മി അനിൽകുമാർ, ശ്രീകെ. ഡി വിൻസെന്റ്, ശ്രീമതി. ചാന്ദിനി ഗോപകുമാർ, ശ്രീമതി. ദിവ്യ ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ശ്രീ. എ.എസ് അനിൽകുമാർ, ശ്രീ. ഷാരോൺ പനക്കൽ, പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ശ്രീമതി. ഷീല പോൾ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ജിഷ പി.ജി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. വി.എം. ലൈല, പഞ്ചായത്ത് കൃഷി ഓഫീസർ ശ്രീമതി. കെ.സി റൈഹാന, കൃഷി അസിസ്റ്റന്റ് ശ്രീ. എസ്.കെ ഷിനു, കൊയ്ത്ത് മത്സരം വിധികർത്താവ് ശ്രീ. ഷാജി തിരുവനന്തപുരം തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# കെ വി കെ സ്വച്ഛ് ഭാരത് ക്യാമ്പയിൻ സംഘടിപ്പിച്ചു



പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രം, (ഭാരതീയ സുഗന്ധ വിള സ്ഥാപനം) "മാലിന്യവും സമ്പത്താക്കാം" എന്ന വിഷയത്തിൽ സ്വച്ഛതാ ക്യാമ്പയിൻ സംഘടിപ്പിച്ചു. മൂലാട് പറക്കുന്നത്ത് അംഗൻവാടിയിൽ വച്ച് നടന്ന പരിപാടിയിൽ അംഗൻവാടിയും പരിസരവും വൃത്തിയാക്കി ഫലസസ്യങ്ങൾ വച്ച് പിടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം പച്ചക്കറി വിത്തും തൈകളും വനിതാ കർഷകർക്ക് വിതരണം ചെയ്തുകൊണ്ട് കെവികെ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. പി രാധാകൃഷ്ണൻ നിർവഹിച്ചു. പോഷകത്തോട്ടം മാലിന്യ സംസ്കരണം എന്നീ വിഷയങ്ങളിൽ കെവികെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (ഹോം സയൻസ് ) കുമാരി എ. ദീപ്തി ക്ലാസ്സെടുത്തു. അംഗൻവാടി ടീച്ചർ ശ്രീമതി. സൗമിനി സ്വാഗതവും ഡോ. കെ കെ ഐശ്വര്യ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ്, കെവികെ നന്ദിയും പറഞ്ഞു.

# വടക്കേക്കരയിൽ കരനെൽ കൃഷി കൊയ്ത്തുത്സവം



വടക്കേക്കരയിൽ നടന്ന കരനെൽ കൃഷി കൊയ്ത്തുത്സവം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ ജി.ആർ അനിൽ ഉദ്ഘാടനം ചെയ്തു. കൃഷിയിലേക്ക് എത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാരിനുള്ളതെന്ന് അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം സപ്ലൈകോ ഏഴര ലക്ഷം മെടിക് ടൺ നെല്ലാണ് സംഭരിച്ചത്. മറ്റേത് സംസ്ഥാനത്തിനേക്കാൾ മികച്ച രീതിയിൽ കർഷകർക്ക് ന്യായമായ വില നൽകി നെല്ല് സംഭരിക്കാൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. ഇത്തവണ 28 രൂപ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിനുള്ള നല്ല പരിശ്രമമാണ് കേരളത്തിൽ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പറവൂർ എംഎൽഎ ശ്രീ. വി.ഡി സതീശൻ ചടങ്ങിന് അധ്യക്ഷത വഹിച്ചു. തൊഴിലുറപ്പ് തൊഴിലാളികളും കാർഷിക കൂട്ടായ്മയും ചേർന്ന് നടത്തിയ കൃഷിയാണ് നൂറുമേനി വിളഞ്ഞത്.

വടക്കേക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രശ്മി അനിൽകുമാർ, പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിംന സന്തോഷ്, വൈസ് പ്രസിഡന്റ് ശ്രീമതി കെ.എസ് സനീഷ്, ജില്ലാ പഞ്ചായത്ത് അംഗം ശ്രീ എ.എസ് അനിൽകുമാർ, പറവൂർ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീമതി ബാബു തമ്പുരാട്ടി, വടക്കേക്കര ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി മിനി വർഗീസ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ബീന രതൻ, പഞ്ചായത്ത് അംഗം ശ്രീമതി അജിത ഷണ്മുഖൻ, കൃഷി ഓഫീസർ ശ്രീമതി എൻ.എസ് നീതു, ചെട്ടിക്കാട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ. വി.എസ് പ്രതാപൻ, കുഞ്ഞിത്തൈ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ ടി.കെ. ബാബു എന്നിവർ പങ്കെടുത്തു.

# പാണാവള്ളി ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതിക്ക് തുടക്കം



പാണാവള്ളി ഗ്രാമപഞ്ചായത്തിലെ കേരഗ്രാമത്തിന്റെയും അനുബന്ധ പരിപാടികളുടേയും ഉദ്ഘാടനം കൃഷിമന്ത്രി പി. പ്രസാദ് നിർവ്വഹിച്ചു. കേരഗ്രാമം പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നാളികേരത്തിന്റെ മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കാൻ പരിശ്രമിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു.

മൂല്യവർദ്ധിത ഉത്പന്ന നിർമാണം കേരകർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കും. തൊഴിലുറപ്പ്, കുടുംബശ്രീ തുടങ്ങിയ കൂട്ടായ്മകളിലൂടെ ജനകീയ ക്യാമ്പയിൻ വഴി പദ്ധതി ഊർജ്ജിതമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയണമെന്ന് മന്ത്രി പറഞ്ഞു. പാണാവള്ളി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങിൽ ശ്രീമതി. ദലീമ ജോജോ എം.എൽ.എ. അധ്യക്ഷത വഹിച്ചു. പമ്പ് സെറ്റുകളുടെ വിതരണം ശ്രീ. എ.എം. ആരിഫ് എം.പി നിർവഹിച്ചു. ജൈവവളം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. ധന്യ സന്തോഷും തെങ്ങുകയറ്റ യന്ത്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി.എം. പ്രമോദും ഇടവിള കിറ്റ് ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. എസ്. ജയകുമാറും വിതരണം ചെയ്തു. പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ആർ. ശ്രീരേഖ പദ്ധതി വിശദീകരിച്ചു. കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. എലിസബത്ത് ഡാനിയൽ റിപ്പോർട്ട് അവതരിപ്പിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. എസ്.എസ്. ബീന, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. എം.എ. സിറാജ്ജുദീൻ, കൃഷി ഓഫീസർ ശ്രീമതി. കെ. ഫാത്തിമ റെഹിയാനത്ത്, പഞ്ചായത്ത് സെക്രട്ടറി ശ്രീ. ആർ.എ. പ്രദീപ് കുമാർ, തുടങ്ങിയവർ പങ്കെടുത്തു.

# വീൽ ഹോ വീഡറിന് കേന്ദ്രസർക്കാരിന്റെ ഡിസൈൻ പേറ്റന്റ്

കേരള കാർഷിക സർവകലാശാലയുടെ കാർഷിക കോളേജ് വെള്ളായണിയിൽ വിളപരിപാലന വിഭാഗം ശാസ്ത്രജ്ഞർ വികസിപ്പിച്ച കളനിയന്ത്രണ യന്ത്രമായ വീൽ ഹോ വീഡറിന് കേന്ദ്രസർക്കാരിന്റെ ഡിസൈൻ പേറ്റന്റ് ലഭിച്ചു. ഒരു ചക്രവും ബ്ലേഡും ഉപയോഗിച്ച് വിളകളുടെ ഇടയിൽ നടന്നു നീങ്ങി കളകളെ നിയന്ത്രിക്കാൻ സഹായിക്കുന്ന ഈ യന്ത്രം സ്ത്രീകൾക്കും അനായാസം പ്രവർത്തിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വിളകളുടെ ഇടയകലത്തിനു അനുസൃതമായി വിവിധ വലുപ്പത്തിലുള്ള (15 മുതൽ 30 സെ.മീ) ബ്ലേഡുകൾ ഘടിപ്പിക്കാവുന്നതാണ്. ഒരു മണിക്കൂറിൽ 0.015 ഹെക്ടർ (3.7 സെന്റ്) സ്ഥലത്തെ കളകൾ നിയന്ത്രിക്കുവാൻ ഈ യന്ത്രം ഉപയോഗിച്ച് സാധിക്കും. ബ്ലേഡ് മണ്ണിൽ 1.5 സെ.മീ. തുളച്ചു കയറുന്നതുവഴി കളകളെ വേരോടു കൂടി ചെത്തിമാറ്റുന്നതാണ് ഇതിന്റെ പ്രവർത്തനരീതി. ബ്ലേഡ് തിരശ്ചീനമായി 15 ഡിഗ്രി കോണിൽ ചരിഞ്ഞിരിക്കുന്നതിനാൽ ബ്ലേഡിന് അനായാസം മണ്ണിലേക്ക് തുളച്ചുകയറാൻ സാധിക്കുന്നു.




സ്ക്വയർ ട്യൂബ് ആകൃതിയിലുള്ള ചട്ടക്കൂട് ആണ് ഈ യന്ത്രത്തിന്റെ സവിശേഷമായ ഘടകം. ഇതിൽ യന്ത്രത്തിന്റെ മൂന്ന് പ്രധാന ഭാഗങ്ങളായ ഹാൻഡിൽ ബാർ, വീൽ, ബ്ലേഡ് എന്നിവ ഘടിപ്പിച്ചിരിക്കുന്നു.

ഡോ. ഷീജ കെ. രാജ്, ഡോ. ജേക്കബ് ഡി., ഡൊ. കാലിനിപിള്ള പി. എന്നിവരുടെ നേതൃത്വത്തിൽ സീതൾ റോസ് ചാക്കോ, ധന ഉണ്ണിക്കൃഷ്ണൻ, കൃഷ്ണശ്രീ ആർ.കെ., അനിറ്റ് റോസ് ഇന്നസെന്റ് എന്നിവരുടെ ഡോക്ടറേറ്റ് /ബിരുദാനന്തര ബിരുദ ഗവേഷണ പഠനത്തിന്റെ ഭാഗമായി വികസിപ്പിച്ചതാണ് വീൽ ഹോ വീഡർ. ജൂലൈ 2021 മുതൽ പത്തു വർഷ കാലയളവിലേക്കാണ് ഡിസൈൻ പേറ്റന്റ് ലഭിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9495121213 എന്ന ഫോൺ നമ്പരിൽ ശ്രീമതി ശാലിനി പിള്ളയുമായി ബന്ധപ്പെടുക.

# 'വില്വാദ്രി വിശേഷം'

കേരള വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ ആനിമൽ ജനറ്റിക്സ് ആന്റ് ബ്രീഡിങ്ങ് വിഭാഗത്തിൽ നടന്ന ശാസ്ത്രീയ പഠനത്തിൽ, തൃശ്ശൂർ ജില്ലയിലെ വില്വാദ്രി പശുക്കൾ, കേരളത്തിലെ മറ്റ് പശുക്കളിൽ നിന്നും (നാടൻ പശുക്കളും സങ്കര വർഗ്ഗവും) വ്യത്യസ്തമായ ഒരു ജനിതക വിഭാഗമാണെന്ന് കണ്ടെത്തിയിരിക്കുന്നു. മൈക്രോസാറ്റലൈറ്റുകൾ (Microsatellites) എന്ന ജനിതക മാർക്കറുകൾ (genetic markers) ഉപയോഗിച്ച് നടത്തിയ പ്രസ്തുത പഠനത്തിന് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക ഗവേഷണ കൗൺസിൽ (KSCSTE) ആണ് സാമ്പത്തിക സഹായം നൽകിയത്. വില്വാദ്രി പശുക്കൾക്ക് പുറമേ കാസർഗോഡ് കുള്ളനും, കേരളത്തിന്റെ തനത് ജനുസ്സായ വെച്ചൂർ പശുക്കളും ജനിതക വൈവിധ്യം പ്രകടിപ്പിക്കുന്നുണ്ട്. വടകര പശുക്കളിൽ മറ്റ് പശുക്കളുമായുള്ള കലർപ്പ് ഉണ്ടാകാതെ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. ഈ പഠനത്തിന്റെ മുഖ്യഗവേഷക ഡോ. രാധിക ജി. അസോസ്സിയേറ്റ് പ്രൊഫസ്സർ, AGB, KVASU, മറ്റ് ഗവേഷകർ ഡോ. റ്റി. വി. അരവിന്ദാക്ഷൻ, ഡയറക്ടർ, CASAGB, ഡോ. അനിൽകുമാർ കെ., പ്രൊഫസ്സർ, CASAGB, ഡോ. അജിത്ത്കുമാർ എസ്. ഡയറക്ടർ, ക്ലിനിക്സ്, ഡോ. മനോജ് എം., അസിസ്റ്റന്റ് പ്രൊഫസ്സർ, AGB, ശ്രീമതി സ്റ്റെഫി തോമസ്, റിസർച്ച് അസിസ്റ്റന്റ് എന്നിവരാണ്. വെറ്ററിനറി സർവ്വകലാശാലയിൽ നടന്ന ഈ പഠനത്തിന് കേരള മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കാസർഗോഡ് പശുക്കളുടെ ഫാം, വില്വാദ്രി, വടകര പശുക്കളുടെ സംരക്ഷണ ട്രസ്റ്റുകൾ എന്നിവരുടെ സഹകരണവും ലഭിച്ചിരുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446162608 എന്ന ഫോൺ നമ്പരിൽ ഡോ രാധികയുമായി ബന്ധപ്പെടുക.



# ക്ഷീരസഹകരണ സംഘങ്ങൾക്ക് ധനസഹായം

ക്ഷീരവികസന വകുപ്പ്, വാർഷിക പദ്ധതി 2021-22 ലെ 'ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം' പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്തുന്നതു ലക്ഷ്യമിട്ട് മാനേജീരിയൽ ധനസഹായം നൽകുന്നു. 2020-2021 വർഷം 250 ലിറ്ററിൽ താഴെ ശരാശരി പ്രതിദിന സംഭരണം ഉള്ള ക്ഷീരസംഘങ്ങൾക്ക് പ്രസ്തുത ധനസഹായ പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്നതാണ്. ക്ഷീരസംഘം സെക്രട്ടറി, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനായി ഒരു ക്ഷീരസംഘത്തിന് പരമാവധി 35,000/- രൂപ വാർഷിക ധനസഹായം ലഭിക്കും. ക്ഷീരസംഘങ്ങൾക്ക് ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ നിശ്ചിത അപേക്ഷാ ഫോമുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

# വളർത്തുമൃഗങ്ങളെ നഷ്ടമായവർക്ക് മതിയായ നഷ്ടപരിഹാരം നൽകും : മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

വെള്ളപ്പൊക്കക്കെടുതിയിൽ വളർത്തുമൃഗങ്ങളെ നഷ്ടമായവർക്ക് മതിയായ നഷ്ടപരിഹാരം നൽകുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ വെള്ളം പൊങ്ങിയ മേഖലകളിലെ ക്ഷീരസംഘങ്ങളിൽ സന്ദർശനം നടത്തിയതിനു ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. പ്രളയ മേഖലയിൽ പാൽ ഉത്പാദനത്തിൽ കുറവ് വന്നവർക്ക് നേരത്തെ നൽകിയ പാൽ അളവിന്റെ 40 ശതമാനത്തിന്റെ തുക വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

കന്നുകാലികളെ ഇൻഷ്വർ ചെയ്തിട്ടുള്ളവർക്ക് എത്രയും വേഗം ഇൻഷ്വറൻസ് തുക വിതരണം ചെയ്യും. കൂടാതെ പശുക്കളെ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ നിയമം അനുസരിച്ച് സഹായമായി പശു ഒന്നിന് 30,000 രൂപ സർക്കാർ നഷ്ട പരിഹാരം നൽകും. പശുക്കിടാവിന് 15000 രൂപയും കോഴികൾക്ക് 200 രൂപയും നഷ്ടപരിഹാരമായി നൽകും. പാലിന് ഉയർന്ന വില നൽകുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് സ്വന്തമായി കാലിത്തീറ്റ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. മിൽമയുമായി ആലോചിച്ച് നഷ്ടപരിഹാര തുക വർധിപ്പിച്ചു നൽകും. പൂർണമായും ഭാഗികമായും തകർന്ന കാലിത്തൊഴുത്തുകൾ പുനർ നിർമിക്കാൻ ക്ഷീരവികസന വകുപ്പും മൃഗസംരക്ഷണ വകുപ്പും ചേർന്ന്



കണക്കെടുപ്പുകൾ നടത്തി നഷ്ടപരിഹാരം നൽകും. കന്നുകാലി ഷെൽട്ടറുകളിൽ പശുവിന് ഒരു ദിവസം 70 രൂപയുടെ കാലിത്തീറ്റ സൗജന്യമായി നൽകും. കന്നുകാലി കർഷകർക്കും ഇഷ്വറൻസ് ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പുൽകൃഷി നഷ്ടപ്പെട്ടവർക്ക് പ്രത്യേക ധനസഹായം ഉണ്ടായിരിക്കുമെന്നും മന്ത്രി പറഞ്ഞു. ദുരിത ബാധിത പ്രദേശത്തെ കന്നുകാലികൾക്കുള്ള കുളമ്പുരോഗ വാക്സിൻ കുത്തിവയ്പ്പ് വേഗത്തിൽ പൂർത്തിയാക്കാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. വായ്പൂർ ചെറുതോട്ട് കാലായിൽ ക്ഷീര സംഘം, സമീപത്തെ മാവേലി സ്റ്റോർ, വള്ളംകുളം ക്ഷീര സംഘം, പന്തളം കടയ്ക്കാട് ഫാമിലെ ഉരുക്കളെ താൽക്കാലികമായി പുനരധിവസിപ്പിച്ചിരിക്കുന്ന പന്തളം എൻഎസ്എസ് കോളജ് എന്നിവിടങ്ങളിൽ മന്ത്രി സന്ദർശനം നടത്തി.

ഡെപ്യൂട്ടി സ്പീക്കർ ശ്രീ ചിറ്റയം ഗോപകുമാർ, അഡ്വ. പ്രമോദ് നാരായൺ എം.എൽ.എ, ജില്ലാ കളക്ടർ ഡോ. ദിവ്യ എസ്. അയ്യർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി രാജി പി രാജപ്പൻ, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു ചന്ദ്രമോഹൻ, കോട്ടാങ്ങൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബിനു ജോസഫ്, ഇരവിപേരൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ശശിധരൻപിള്ള, മിൽമ ചെയർമാൻ ശ്രീ എൻ.ഭാസുരാംഗൻ, ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ആർ.സിന്ധു, പഞ്ചായത്തംഗങ്ങൾ, വിവിധ ഉദ്യോഗസ്ഥർ തുടങ്ങിയവർ മന്ത്രിയെ അനുഗമിച്ചു.

# ശീതകാല പച്ചക്കറികൾ

വിഷ്ണു. എസ്.പി.,
അഗ്രികൾച്ചറൽ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ

## ക്യാരറ്റ്, റാഡിഷ്, ബീറ്റ്റൂട്ട്

നന്നായി ജൈവവളം ചേർത്ത് നിലമൊരുക്കിയ സ്ഥലത്ത് ഒരടി ഉയത്തിൽ വാരങ്ങൾ തയ്യാറാക്കി അതിൽ നേരിട്ട് വിത്തു പാകിയാണ് ഈ മൂന്ന വിളകളും കൃഷി ചെയ്യേണ്ടത്. വിത്തുകൾ ചെറുതായതിനാൽ മണലുമായി കൂട്ടിക്കലർത്തി വാരങ്ങളിൽ 2 സെ. മി ആഴത്തിൽ ചാലുകൾ കീറി അതിൽ പാകാം. വിത്തുകൾ പാകിയശേഷം മേൽമണ്ണും മണലും ചേർന്ന മിശ്രിതം കൊണ്ട് ചാലുകൾ മൂടി ജലസേചനം നൽകണം. 8-10 ദിവസം കൊണ്ട് വിത്തുകൾ മുളയ്ക്കുവാൻ തുടങ്ങും. മുളച്ചു കഴിഞ്ഞാൽ അകലം ക്രമീകരിക്കുന്നതിനായി 10 സെ.മി. ദൂരത്തിൽ കരുത്തുള്ള തൈകൾ മാത്രം നിലനിർത്തി ബാക്കിയുള്ളവ പിഴുതുമാറ്റണം.

തൈകൾ മുളച്ച് രണ്ടാഴ്ച കഴിഞ്ഞ് ദ്രാവകരൂപത്തിലുള്ള വളങ്ങളും പുളിപ്പിച്ച് നേർപ്പിച്ച വളക്കൂട്ടുകളും ഇടവേളകളിൽ നൽകാവുന്നതാണ്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യത്തിന് മൂലകങ്ങൾ ലഭ്യമാക്കുന്നതിനായി രാസവളപ്രയോഗവും ആവാം. രാസവള പ്രയോഗത്തിലുള്ള കൃഷി രീതിയിൽ ക്യാരറ്റ് നടുന്ന സമയത്ത് സെന്റ് ഒന്നിന് 300 ഗ്രാം യൂറിയ, 1.25 കി. ഗ്രാം. രാജ്ഫോസ്, 300 ഗ്രാം പൊട്ടാഷ് എന്നിവ നൽകണം.
ഒരു മാസത്തിനുശേഷം 300 ഗ്രാം യൂറിയ കൂടി നൽകാം. ബീറ്റ്റൂട്ടിനും റാഡിഷിനും രാജ്ഫോസ്, പൊട്ടാഷ് എന്നിവ യഥാക്രമം 800 ഗ്രാം, 250 ഗ്രാം ആണ് ചേർക്കേണ്ടത്. യൂറിയ ക്യാരറ്റിന്റെ അതേ അളവ് മതിയാകും.

കളനിയന്ത്രണവും മണ്ണ് കൂട്ടിക്കൊടുക്കലും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. കിഴങ്ങ് പുറത്തുകാണാത്ത രീതിയിൽ നേരിയ ലെയർ മണ്ണു ചേർത്താൽ മതിയാകും. റാഡിഷ് നട്ട് രണ്ട് മാസവും, ക്യാരറ്റ്, ബീറ്റ്റൂട്ട് എന്നിവ രണ്ടര മാസത്തിനു ശേഷവും വിളവെടുപ്പിന് പാകമാകും. കൃത്യസമയത്ത് വിളവെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.





പ്രധാന ഇനങ്ങൾ ക്യാരറ്റ് - പൂസാ നയൻ ജ്യോതി, പൂസാ മേഘാലി, സൂപ്പർ കുറോഡ, പൂസാ കേസർ ബീറ്റ്റൂട്ട് - മധുർ, ക്രിംസൺ ഗ്ലോബ് റാഡിഷ് - പൂസാ ചേത്കി, അർക്കാ നിഷാന്ത്

## സവാള/ വലിയഉള്ളി

വിത്ത് പാകി തൈകൾ പറിച്ചു നട്ടു വേണം സവാള വളർത്തേണ്ടത്. ഒക്ടോബർ ആദ്യം വിത്തു പാകിയാൽ നവംബർ പകുതിയോടെ തൈകൾ പറിച്ചു നടാം. സെന്റ് ഒന്നിന് 250 കി. ഗ്രാം ജൈവവളം ചേർത്ത് മണ്ണൊരുക്കിയ ശേഷം അരയടി ഉയരത്തിൽ തവാരണകളെടുത്ത് അതിൽ 10 സെ.മി അകലത്തിൽ വരികളിലായി വിത്ത് പാകി തൈകൾ വളർത്താം.

പ്രധാന നിലമൊരുക്കുമ്പോൾ നന്നായി ജൈവവളം ചേർത്ത് നിലമൊരുക്കുകയും ശേഷം അരയടി ഉയരത്തിൽ ഒരടി വീതിയിലുള്ള വാരങ്ങൾ എടുക്കുകയും ചെയ്യണം. വാരങ്ങളിൽ രണ്ടു വരിയായി 20 x 10 സെ.മി അകലത്തിൽ തൈകൾ നടണം. തൈകൾക്ക് ആവശ്യാനുസരണം നന നൽകേണ്ടതാണ്. എന്നാൽ വിളവെടുപ്പിന് 10 ദിവസം മുൻപ് നന നിർത്തണം.

തൈകൾനട്ട് 10 ദിവസത്തിനുശേഷം നിശ്ചിത ഇടവേളകളിൽ ജൈവവളക്കൂട്ട് ലായനി തളിക്കുന്നത് നല്ലതാണ്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വിവിധ മൂലകങ്ങളുടെ അഭാവം പരിഹരിക്കുന്നതിനായി രാസവളങ്ങളും മണ്ണിൽ ചേർക്കാം. നട്ട് ഒരാഴ്ച കഴിഞ്ഞ് സെന്റ് ഒന്നിന് 500 ഗ്രാം യൂറിയ, 1 കി. ഗ്രാം രാജ്ഫോസ്, 500 ഗ്രാം പൊട്ടാഷ് എന്നിവ ചേർക്കാം. ഒരു മാസത്തിനുശേഷം 200 ഗ്രാം യൂറിയ കൂടി ചേർക്കണം. തൈകൾ നട്ട് നാലുമാസം കഴിയുമ്പോൾ സവാള വിളവെടുപ്പിന് പാകമാകും. മൂപ്പെത്താറാകുമ്പോൾ ഇലകൾ ഉണങ്ങാൻ തുടങ്ങുകയും വിളവെടുപ്പ് ആരംഭിക്കുകയും ചെയ്യും.

പ്രധാന ഇനങ്ങൾ ഡാർക്ക് റെഡ്, ആർക്കാ കല്യാൺ, അഗ്രി ഫൗണ്ട്.

## ബീൻസ്

പയർ കൃഷി ചെയ്യുന്നതുപോലെ തന്നെ ബീൻസ് കൃഷിയും നടത്താം. ബീൻസിലുമുണ്ട് കുറ്റിയിനങ്ങളും പടർന്നു വളരുന്നവയും. നിലമൊരുക്കലും അടിവളം ചേർക്കലും മറ്റു

ശീതകാല വിളകൾക്ക് ചെയ്യപോലെ ബീൻസിലും ആവർത്തിക്കുക. കുറ്റിയിനങ്ങൾ ചെറിയ വാരങ്ങളിൽ 20 സെ.മി അകലത്തിൽ വിത്തുകൾ നേരിട്ട് പാകി വളർത്തിയെടുക്കാം. പടരുന്ന ഇനങ്ങൾ രണ്ട് അടി അകലത്തിൽ തടങ്ങൾ എടുത്ത് താങ്ങുകാലുകൾ നാട്ടി വളർത്തിയെടുക്കാം.

കുറ്റിയിനങ്ങൾ നട്ട് ഒന്നര മാസം കഴിയുമ്പോഴും പടർന്നുവളരുന്ന ഇനങ്ങൾ രണ്ടര മാസം കഴിയുമ്പോഴും വിളവെടുക്കാനാകും.

**പ്രധാന ഇനങ്ങൾ**

കുറ്റിയിനങ്ങൾ – കണ്ടന്റർ, അർക്കാസുമൻ, അർക്കാകോമൾ

വള്ളിയിനങ്ങൾ - കെന്റുകി വണ്ടർ, ബട്ടർ ബീൻസ്

### സസ്യസംരക്ഷണ മാർഗ്ഗങ്ങൾ

ശീതകാല പച്ചക്കറികളിലെ ഒരു പ്രധാന രോഗമാണ് തൈചീയൽ, പ്രതിരോധത്തിനായി ജൈവകുമിൾ നാശിനിയായ സ്യൂഡോമോണാസ് 2% വീര്യത്തിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുകയും തൈകളിൽ തളിക്കുകയും ചെയ്യാം. മറ്റ് കുമിൾ രോഗങ്ങൾ വരാതിരിക്കുന്നതിനായി തോട്ടം വൃത്തിയായി സൂക്ഷിക്കുകയും നീർവാർച്ച ഉറപ്പാക്കുകയും ചെയ്യണം. മണ്ണിന്റെ അമ്ലത്വവും ക്രമീകരിക്കുക.

കാബേജ്, കോളിഫ്ളവർ എന്നിവയുടെ ഇലകൾ ഉൾപ്പെടെ പലഭാഗങ്ങളും തിന്നു നശിപ്പിക്കുന്ന പുഴക്കൾക്കെതിരെ 5 ശതമാനം വീര്യത്തിൽ വേപ്പിൻകുരു സത്തോ വേപ്പധിഷ്ഠിത കീട നാശിനികളോ തളിക്കാവുന്നതാണ്.

# ഗോസമൃദ്ധി

**ഡോ. റെനി ജോസഫ്,**
ഡെപ്യൂട്ടി ഡയറക്ടർ (കെ വി), മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

# കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

ദശലക്ഷക്കണക്കിന് വരുന്ന ചെറുകിട, നാമമാത്ര കർഷകരാണ്, കേരളത്തിലെ മൃഗസംരക്ഷണ മേഖലയുടെ നട്ടെല്ല്. സംസ്ഥാന ജിഡിപിയുടെ 3% സംഭാവന ചെയ്യുന്ന മൃഗസംരക്ഷണ മേഖലക്ക് കേരളത്തിന്റെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ നിർണായക സ്ഥാനമുണ്ട്. കൃഷിയിൽ നിന്നുള്ള വരുമാനം കാലാനുസൃതമാകുമ്പോൾ സ്ഥിര വരുമാനമാണ് മൃഗസംരക്ഷണ മേഖല കർഷകന് നൽകുന്നത്. എന്നാൽ അത്യുത്പാദന ശേഷിയുള്ള കന്നുകാലികളുടെ ആകസ്മിക മരണം കർഷകർക്ക് കനത്ത സാമ്പത്തിക ആഘാതം തന്നെ സൃഷ്ടിക്കുന്നു.

അസുഖം മൂലമോ പ്രകൃതി ക്ഷോഭം മൂലമോ ഉണ്ടാകുന്ന കന്നുകാലികളുടെ മരണം, പാലുത്പാദനത്തിലുണ്ടാകുന്ന കുറവ്, വന്ധ്യത തുടങ്ങി ക്ഷീര കർഷകർക്ക് നേരിടേണ്ടി വരുന്ന പ്രതിസന്ധികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തി കാർഷിക കുടുംബത്തിന്റെ അതിജീവനത്തിനുള്ള ഒരു മികച്ച കൈത്താങ്ങായി മൃഗസംരക്ഷണ വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് ‘ഗോസമൃദ്ധി’ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി.

രാജ്യത്തെ തന്നെ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കാണ് ഗോസമൃദ്ധിക്ക്. ഏഴ് ലിറ്ററിനു മുകളിൽ പാലുതരുന്ന 2 മുതൽ 10 വയസ്സ് വരെ പ്രായമുള്ള പശുക്കളെയും എരുമകളെയും ഈ പദ്ധതിയിലൂടെ ഇൻഷ്വർ ചെയ്യാം. 7 മാസത്തിനു മുകളിൽ ചെനയുള്ള കിടാരികൾക്കും ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. സംസ്ഥാനമൊട്ടാകെയുള്ള മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്ന ‘ഗോസമൃദ്ധി’ ഇൻഷ്വറൻസ് പദ്ധതിക്ക് 1 വർഷം, 3 വർഷം എന്നിങ്ങനെ കർഷകന് തീരുമാനിക്കാവുന്ന രണ്ടു പരിരക്ഷാ കാലയളവുകളുണ്ട്.

സർക്കാർ സേവനത്തിലുള്ള ഒരു വെറ്ററി ഡോക്ടർ പശുവിനെ പരിശോധിച്ച് ആരോഗ്യം ഉറപ്പു വരുത്തുകയും ഉരുവിന് ചെവിയിൽ കമ്മൽ അടിച്ച് ഐഡി നമ്പർ രേഖപ്പെടുത്തി ഉരുവിന്റെ ഫോട്ടോ സഹിതം ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും വേണം. 65000 രൂപ വരെ മതിപ്പു വിലയുള്ള പശുവിനെ ഇൻഷ്വർ ചെയ്യുമ്പോൾ പ്രീമിയം തുകയുടെ 50% സർക്കാർ ധനസഹായമായി നൽകുന്നു. SC/ST വിഭാഗത്തിൽ വരുന്ന കർഷകർക്ക് പ്രീമിയം തുകയുടെ 70% ധനസഹായമായി ലഭിയ്ക്കും. 1 വർഷ ഇൻഷ്വറൻസ് പരിരക്ഷക്ക് കർഷകൻ അടയ്ക്കേണ്ടിവരുന്ന പ്രീമിയം 635 രൂപ മാത്രം ആണ്. ഇൻഷ്വറൻസ് ക്ലിം ഉണ്ടാകുന്നപക്ഷം നഷ്ടപരിഹാരത്തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിയ്ക്കും.

ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതോടൊപ്പം 50 രൂപ പ്രീമിയം തുക അടച്ചാൽ ഉടമയായ ക്ഷീര കർഷകന് 5 ലക്ഷം രൂപയുടെ അപകടമരണ പരിരക്ഷ കൂടി ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. സാധാരണക്കാരായ കർഷകരുടെ കന്നുകാലികൾക്ക് അപകട പരിരക്ഷ നൽകാൻ 2017 – 18 വർഷം മുതൽ മൃഗസംരക്ഷണ വകുപ്പ് വളരെ വിജയകരമായി നടപ്പിലാക്കി വരുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി തികച്ചും ആയാസ രഹിതമാക്കുന്നതിന് "**ഗോമിത്ര**" എന്ന സോഫ്റ്റ് വെയർ മൃഗസംരക്ഷണ വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. തികച്ചും സുതാര്യമായി നാഷണലൈസ്ഡ് ഇൻഷ്വറൻസ് കമ്പനികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ മൃഗസംരക്ഷണ വകുപ്പിന്റെ ജനപ്രിയ പദ്ധതിയായി മുഖ്യമന്ത്രിയുടെ CMO പോർട്ടലിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വർഷം തോറും ആയിരക്കണക്കിന് കാർഷിക കുടുംബങ്ങളെ അതിജീവനത്തിന്റെ പാതയിലേക്ക് നയിക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു എന്നത് വകുപ്പിന് അഭിമാനാർഹമായ ഒരു നേട്ടം തന്നെയാണ്.

# മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ പ്രളയ ദുരന്തത്തിൽ നഷ്ടപരിഹാരത്തിന് നടപടി : മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി



പ്രളയക്കെടുതി മൂലം മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമെന്ന് ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി ജെ.ചിഞ്ചുറാണി അറിയിച്ചു. പ്രളയക്കെടുതി മൂലം ഉണ്ടായ നാശനഷ്ടങ്ങളും ദുരന്ത നിവാരണ പ്രവർത്തനങ്ങളും വിലയിരുത്തുന്നതിന് ചേർന്ന മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളുടെ യോഗത്തിന് ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. മഴക്കെടുതി പ്രാഥമിക വിലയിരുത്തലിൽ സംസ്ഥാനത്ത് 91 ഉരുക്കളും, 42 ആടുകൾ, 25032 കോഴികൾ, 274 തൊഴുത്തുകൾ, 29 ൽ പരം കോഴിക്കൂടുകൾ, അഞ്ച് ലക്ഷം രൂപയുടെ കാലിത്തീറ്റ ഉൾപ്പെടെ രണ്ട് കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

മൃഗസംരക്ഷണ - ക്ഷീരവികസന മേഖലയിൽ കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിനു സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മുൻകരുതൽ നടപടികൾ സ്വീകരിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുകയും വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ കന്നുകാലികളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആവശ്യമാകുന്ന സന്ദർഭങ്ങളിൽ ജില്ലാതല ദുരന്ത നിവാരണ അതോറിറ്റിയുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ച് പ്രവർത്തിക്കാൻ വകുപ്പിലെ ജില്ലാതല ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. വകുപ്പിലെ ജില്ലാതല കൺട്രോൾ റൂമുകളിൽ നിന്നുള്ള വിവരങ്ങൾ സംസ്ഥാനതലത്തിലുള്ള കൺട്രോൾ റൂമിൽ ക്രോഡീകരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാ തലത്തിൽ ക്ഷീരവികസനം, മൃഗസംരക്ഷണം, മിൽമ തുടങ്ങിയ മേഖലകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാതല ലൈവ് സ്റ്റോക്ക് ആൻഡ് പൗൾട്രി ദുരന്തനിവാരണ കമ്മിറ്റിക്കു രൂപം നൽകാനും യോഗത്തിൽ തീരുമാനമായതായി മന്ത്രി അറിയിച്ചു.

ജില്ലാതലത്തിൽ ദുരന്തനിവാരണ വകുപ്പിൽ നിന്നുള്ള ധനസഹായം കർഷകർക്ക് സമയബന്ധിതമായി എത്തിക്കുന്നതിന് മന്ത്രി വകുപ്പുകൾക്ക് നിർദ്ദേശം നൽകി. ധനസഹായ വിതരണത്തിനുള്ള അപേക്ഷ ക്ഷണിക്കാനും യോഗത്തിൽ തീരുമാനിച്ചു. പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ കർഷകർ അതാതു പഞ്ചായത്തിലെ മൃഗാശുപത്രിയിലെ വെറ്ററിനറി സർജന്റെ ഓഫീസിലോ, ക്ഷീരവികസന വകുപ്പിന്റെ ബ്ലോക്ക് തലത്തിലെ ഓഫീസിലോ പത്ത് ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണമെന്നും മന്ത്രി അറിയിച്ചു.

# കൊല്ലം കളക്ടറേറ്റിൽ 17-10-2021ന് നടന്ന മഴക്കെടുതി അവലോകനയോഗം

ബഹു ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ.ബാലഗോപാൽ, ബഹു മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി, ജില്ലാ കലക്ടർ ശ്രീമതി. അഫ്സാന പർവീൺ എന്നിവർ പങ്കെടുത്തു.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by George Sebastian, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh